# ഒന്നാം പാദവാർഷിക മൂല്യനിർണ്ണയം - 2017
## സാമൂഹ്യശാസ്ത്രം

**Std: X** **ഉത്തരസൂചിക** **Score: 80**

**(1 മുതൽ 3 വരെ ചോദ്യങ്ങൾക്ക് ഒറ്റവാക്കിൽ ഉത്തരമെഴുതുക. സ്കോർ 1 വീതം.)**

1. ഫൊൺ **1x3= 3**

2. റയട്ട്വാരി

3. വിവരാവകാശനിയമം 2005

**(4 മുതൽ 8 വരെ ചോദ്യങ്ങൾക്ക് ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. സ്കോർ 2 വീതം.)**
**2x4= 8**

4.

| ശാശ്വതഭൂനികുതി | റയട്ടുവാരി |
|---|---|
| • നികുതിപിരിവ് സെമീന്ദാർ<br>• നികുതിപിരിവിന് അധികാരമുണ്ടായ പ്രദേശത്തെ ഭൂമിയുടെ ഉടമസ്ഥൻ സെമീന്ദാർ<br>• സെമീന്ദാർ ഭൂവുടമകളായതോടെ യഥാർത്ഥ കർഷകർ കുടിയാൻമാരായി<br>• വിളവിന്റെ 60% കർഷകർ നികുതി നൽകണം<br>• നിശ്ചിതതീയതിയിൽ നികുതി പണമായി നൽകണം<br>• ബംഗാൾ, ബീഹാർ, ഒറീസ പ്രദേശങ്ങളിൽ നടപ്പിലാക്കി | • കർഷകരിൽനിന്ന് നേരിട്ട് നികുതിപിരിക്കുന്നു<br>• ഭൂമിയുടെ ഉടമസ്ഥാവകാശം കർഷകനായിരുന്നു<br>• നികുതിനിരക്ക് ഇടയ്ക്കിടെ വർദ്ധിപ്പിച്ചു<br>• കർഷകരെ ദരിദ്രൻമാരാക്കി<br>• ദക്ഷിണേന്ത്യൻ പ്രദേശങ്ങളിൽ നടപ്പിലാക്കി |

5.

- ഉദ്യോഗസ്ഥവൃന്ദത്തിന്റെ കാര്യക്ഷമതയില്ലായ്മ
- അഴിമതി
- ആവശ്യത്തിന് ഉദ്യോഗസ്ഥർ ഇല്ലാത്ത അവസ്ഥ
  (ഏതെങ്കിലും 2 എണ്ണം)

6. 4.30 am Wednesday

7.

- ഭൂമിയുടെ പരിക്രമണം
- അച്ചുതണ്ടിന്റെ ചരിവ്

8. ജൂലൈ 11

സ്കൂളിൽ നടത്തിയ പ്രവർത്തനം വിശദീകരണം

(ബോധവത്കരണ ക്ലാസ്സ്- കുട്ടികൾ നടത്തിയ സെൻസസ് etc)

**(9 മുതൽ 15 വരെ ചോദ്യങ്ങൾക്ക് ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. സ്കോർ 3 വീതം.)**

**3x6= 18**

9.

- ഒന്നാം ലോകയുദ്ധത്തിൽ നിന്നു പിന്മാറി.
- പ്രഭുക്കൻമാരുടെ ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.
- ഫാക്ടറികൾ, ബാങ്കുകൾ, ഗതാഗതസൗകര്യങ്ങൾ , വിദേശവ്യാപാരം ഇവ പൊതു ഉടമസ്ഥതയിലാക്കി.

10.

- കോളനികളിൽനിന്നോ കോളനികളിലേക്കോ സാധനങ്ങൾ കൊണ്ടു പോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ കോളനികളിൽ നിർമ്മിച്ച കപ്പലുകളിലോ മാത്രം.
- കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ , വർത്തമാനപത്രങ്ങൾ, ലഘുലേഖകൾ, ലൈസൻസുകൾ, ഇവയിലെല്ലാം ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം
- കോളനികളിൽ ഉൽപ്പാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി, പരുത്തി, പുകയില ഇവ ഇംഗ്ലണ്ടിലേയ്ക്കു മാത്രമേ കയറ്റിഅയക്കാവൂ.
- കോളനികളിലെ ഇംഗ്ലീഷ്സൈന്യത്തിന്റെ താമസസ്ഥലവും അത്യാവശ്യസൗകര്യങ്ങളും കോളനിക്കാർ നൽകണം

(ഏതെങ്കിലും 3 എണ്ണം)

11.

- മുതലാളിത്ത ചേരിയുടെയോ, സോഷ്യലിസ്റ്റ് ചേരിയുടേയോ ഭാഗമാവാതെ നിലകൊണ്ട രാജ്യങ്ങളുടെ ഐക്യമാണ് ചേരിചേരാ പ്രസ്ഥാനം
- രണ്ടാം ലോക യുദ്ധാനന്തരം ഏഷ്യയിലും ആഫ്രിക്കയിലും ധാരാളം രാജ്യങ്ങൾ സ്വതന്ത്രമായി.
- ശീതസമരം ലോകസമാധാനത്തിന് ഭീഷണിയാണെന്ന് ഈ രാജ്യങ്ങൾ തിരിച്ചറിഞ്ഞു.
- വൻശക്തികളുടെ ആയുധമത്സരവും സൈനികസഖ്യങ്ങളും തങ്ങൾക്ക് ഭീഷണിയാകുമെന്ന് പുതിയ രാഷ്ട്രങ്ങൾ കരുതി.
- യുദ്ധവും, സംഘർഷവുമില്ലാത്ത ലോകത്തിന് മാത്രമേ സാമ്പത്തികമായും, സാമൂഹികമായും മുന്നേറാൻ കഴിയൂ എന്ന തിരിച്ചറിവ്

12.

- ലോകസമയനിർണ്ണയത്തിനുള്ള അടിസ്ഥാനമായി കണക്കാക്കുന്നു. $0^{o}$ രേഖാംശരേഖ
- അന്താരാഷ്ട്രദിനാങ്കരേഖ – $180^{o}$ രേഖാംശരേഖ കരഭാഗങ്ങൾ ഒഴിവാക്കി പൂർണ്ണമായും സമുദ്രത്തിലൂടെ ചിത്രീകരിച്ചിരിക്കുന്നു. ഈ രേഖയുടെ ഇരുവശങ്ങളിലും 24 മണിക്കൂർ സമയവ്യത്യാസം രേഖപ്പെടുത്തുന്നു.

13.

- സൂര്യന്റെ അയനം
- കോറിയോലിസ് പ്രഭാവം
- തപനത്തിലെ വ്യത്യാസങ്ങൾ

14.

- ജനങ്ങളുടെ വിവിധ ആവശ്യങ്ങളുടെ അളവ് നിശ്ചയിക്കാനും പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യാനും
- രാജ്യത്തെ മാനവവിഭലവശേഷിയുടെ ലഭ്യത അറിയുവാൻ
- ജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എത്രയെന്നറിയുക
- ആവശ്യമായ സാധന – സേവനങ്ങളുടെ അളവ് തിട്ടപ്പെടുത്തുക
- സാമ്പത്തിക സാമൂഹിക നയങ്ങൾ രൂപീകരിക്കുക

15. പട്ടിക പൂർത്തിയാക്കുക.

| ത്രികക്ഷിസഖ്യം | ത്രികക്ഷിസൗഹാർദ്ദം |
|---|---|
| (a) ജർമ്മനി | ഇംഗ്ലണ്ട് |
| ആസ്ട്രിയ – ഹംഗറി | (c) ഫ്രാൻസ് |
| (b) ഇറ്റലി | റഷ്യ |

**(16 മുതൽ 22 വരെ ചോദ്യങ്ങൾക്ക് ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. സ്കോർ 4 വീതം.)**

**4x6= 24**

16.

- ദശലക്ഷക്കണക്കിന് പേർ കൊല്ലപ്പെട്ടു
- യൂറോപ്യൻ രാജ്യങ്ങൾ സാമ്പത്തികമായി തകർന്നു
- യൂറോപ്യൻ രാജ്യങ്ങളുടെ മേധാവിത്വം തകർന്നു
- ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളുടെ സ്വാതന്ത്ര്യസമരം ശക്തമായി
- യുഎസ്എ, യുഎസ്എസ്ആർ വൻശക്തികളായി
- യുഎൻഒയുടെ രൂപീകരണം

K.S DEEPU
HSS & VHSS BRAHMAMANGALAM
PH. NO. 9446921117, 9496320945

BINDUMOL P.R
GGHSS VAIKOM
PH.NO. 9496277360

17.

- വ്യവസായവിപ്ലവത്തോടെ തുണിവ്യവസായം ഇംഗ്ലണ്ടിൽ വികസിച്ചു. നീലത്തിന്റെ ആവശ്യം വർദ്ധിച്ചു.
- നീലംകൃഷി പ്രോത്സാഹിപ്പിക്കുനവാൻ കർഷകർക്ക് പണം മുൻകൂർ നൽകി.
- കർഷകർ തന്റെ കൃഷിഭൂമിയുടെ ഏറ്റവും ഫലഭൂയിഷ്ടമായ ഭാഗം നീലം കൃഷിക്കായി മാറ്റി വച്ചു
- ഭക്ഷ്യധാന്യകൃഷിയിൽ കുറവ് ഉണ്ടായി.
- നീലം വിളവെടുപ്പ് കാലത്ത് ബ്രിട്ടീഷ് ഏജന്റിന്റെ ഇടപെടൽ കാരണം കുറഞ്ഞ വിലയാണ് ലഭിച്ചത്.
- കൃത്രിമച്ചായത്തിന്റെ കണ്ടുപിടുത്തം ഇന്ത്യൻ നീലകർഷകരെ തകർത്തു.

18.

ലോക്പാൽ -

- ദേശീയതലത്തിൽ അഴിമതി തടയുന്നതിനുള്ള സ്ഥാപനം
- പൊതുപ്രവർത്തകർ, ഉദ്യോഗസ്ഥർ, എന്നിവർക്കെതിരെ ഉന്നയിക്കപ്പെടുന്ന അഴിമതികളിൽ അന്വേഷണം നടത്താനും നടപടികൾ നിർദ്ദേശിക്കാനുള്ള അധികാരം.

ലോകായുക്ത –

- സംസ്ഥാനതലത്തിൽ അഴിമതിക്കേസുകൾ പരിശോധിക്കുന്നു.
- കോടതി നടപടികളുടെ രീതിയാണ് ലോകായുക്ത

19.

പൊതുഭരണത്തിന്റെ പ്രാധാന്യം

- ഗവർമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു
- സാധനങ്ങളും സേവനങ്ങളും ലഭ്യമാകുന്നു.
- ജനകീയപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.
- ജനക്ഷേമം ഉറപ്പാക്കുന്നു.

20.

1. ശൈത്യം
2. വസന്തം
3. ഗ്രീഷ്മം
4. ഹേമന്തം

21.

കരക്കാറ്റ്

- രാത്രിയിൽ കര കടലിനെ അപേക്ഷിച്ച് പെട്ടെന്ന് തണുക്കുന്നതുമൂലം കരയുടെ മുകളിൽ ഉച്ചമർദ്ദവും കടലിനു മുകളിൽ ന്യൂനമർദ്ദവും
- ഇത് കരയിൽനിന്ന് കടലിലേക്ക് കാറ്റ് വീശുവാൻ കാരണമാകുന്നു.

കടൽക്കാറ്റ്

- പകൽ കരപെട്ടെന്ന് ചൂട് പിടിക്കുന്നു. കരയോടു ചേർന്നു കിടക്കുന്ന വായു ചൂടായി ഉയരുന്നു.
- ഇത് ആ പ്രദേശത്തിനു മുകളിൽ ന്യൂനമർദ്ദം രൂപംകൊള്ളുന്നതിന് കാരണമാകുന്നു. തണുത്തവായു കടലിനു മുകളിൽ നിന്ന തീരത്തേയ്ക്ക് വീശുന്നു.

22. എ, ബി കോളങ്ങൾ ക്രമീകരിച്ചെഴുതുക

| A | B |
|---|---|
| അമേരിക്കൻ സ്വാതന്ത്ര്യസമരം | ജോർജ്ജ് വാഷിംഗ്ടൺ |
| ചേരിചേരാ പ്രസ്ഥാനം | ജവഹർലാൽ നെഹ്റു |
| ചോർച്ചാ സിദ്ധാന്തം | ദാദാഭായ് നവറോജി |
| പാലസ്തീൻ വിമോചനസംഘടന | യാസർ അറഫാത്ത് |

**(23 മുതൽ 26 വരെ ചോദ്യങ്ങൾക്ക് ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. സ്കോർ 5 വീതം.)**

**5x3= 15**

23.

- കുറഞ്ഞ ശമ്പളം
- ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ മോശം പെരുമാറ്റം
- പുതിയതായി ഉപയോഗത്തിലെത്തിയ റൈഫിളുകളിൽ ഉപയോഗിക്കുന്ന വെടിയുണ്ടകളെ സംബന്ധിച്ച കിംവദന്തി
- ഇവ ഉപയോഗിക്കുവാൻ വിസമ്മതിച്ച സൈനികരെ കഠിനമായി ശിക്ഷിച്ചത്
- ഹിന്ദു മുസ്ലിം സൈനികരുടെ മതവികാരം വ്രണപ്പെട്ടത്
- ബ്രിട്ടീഷ് ഉദ്യോഗസ്ഥനെ വെടിവെച്ചതിന് മംഗൽപാണ്ഡെയെ തൂക്കിലേറ്റിയത്.

24.

- ഭൂമിയുടെ അച്ചുതണ്ടിന് പരിക്രമണതലത്തിൽ 66 1/2$^{o}$ ചരിവ് ഉണ്ട്.
- ഈ ചരിവ് പരിക്രമണത്തിൽ ഉടനീളം നിലനിർത്തുന്നു.
- ഭൂമിക്ക് ആപേക്ഷികമായി സൂര്യന്റെ സ്ഥാനത്തിൽ മാറ്റം ഉണ്ടാകുന്നു. (സൂര്യന്റെ അയനം - ഉത്തരായന – ദക്ഷിണായനത്തേയ്ക്ക് ഇടയിൽ)
- അച്ചുതണ്ടിന്റെ ചരിവനു മൂലമുള്ള സൂര്യന്റെ അയനമാണ് ഋതുക്കൾക്ക് കാരണം
- പരിക്രമണത്തിൽ സൂര്യനുചുറ്റുമുള്ള സഞ്ചാരഗതിയിൽ സ്ഥാനമാറ്റം ഉണ്ടാകുന്നു.

K.S DEEPU
HSS & VHSS BRAHMAMANGALAM
PH. NO. 9446921117, 9496320945

BINDUMOL P.R
GGHSS VAIKOM
PH.NO. 9496277360

25.

<u>വാണിജ്യവാതങ്ങൾ</u>

- $30^o$ അക്ഷാംശത്തിൽ നിന്നും $0^o$ അക്ഷാംശത്തിലേക്ക് വീശുന്നു.
- ഉപോഷ്ണ ഉച്ചമർദ്ദമേഖലിയിൽനിന്നും, ഭൂമദ്ധ്യരേഖാ ന്യൂനമർദ്ദമേഖലയിലേയ്ക്ക് വീശുന്നു.
- ഉത്തരാർദ്ധഗോളത്തിൽ വടക്കുകിഴക്കൻ വാണിജ്യവാതം
- ദക്ഷിണാർദ്ധഗോളത്തിൽ തെക്ക കിഴക്കൻ വാണിജ്യ വാതം
- വൻകരകളുടെ കിഴക്കുഭാഗത്ത് നല്ല മഴ ലഭിക്കുന്നു
- വൻകരുടെ പടിഞ്ഞാറുഭാഗത്ത് ഉഷ്ണമരുഭൂമി രൂപംകൊള്ളുന്നു.

<u>പശ്ചിമവാതങ്ങൾ</u>

- $30^o$ അക്ഷാംശത്തിൽനിന്നു $60^o$ അക്ഷാംശത്തിലേയ്ക്ക് വീശുന്നു.
- ഉപോഷ്ണഉച്ചമർദ്ദമേഖലയിൽ നിന്നു ഉപധ്രുവീയ ന്യൂനമർദ്ദമേഖലയിലേക്ക് വീശുന്നു
- ഉത്തരാർദ്ധഗോളത്തിൽ തെക്ക് പടിഞ്ഞാറൻ ദിശയിൽ വീശുന്നു.
- ദക്ഷിണാർദ്ധഗോളത്തിൽ വൻകര കുറവായതിനാൽ പശ്ചിമവാതങ്ങൾക്ക് വേഗത കൂടുതലാനണ്.
- റോറിംഗ് ഫോർട്ടീസ് - ഫ്യൂരിയസ് ഫിഫ്റ്റീസ് - സ്ക്രീമിംഗ് സിക്സ്റ്റീസ്.

26.

- വ്യക്തികളുടെ കഴിവ് മെച്ചപ്പെടുന്നു
- സാങ്കേതികവിദ്യകൾ ഉയോഗിക്കുവാനുള്ള അറിവ് ലഭിക്കുന്നു
- മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു.
- വിദ്യാഭ്യാസ നൈപുണി മെച്ചപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങൾ ICDS- SSA- RMSA- RUSA വിദ്യാഭ്യാസ അവകാശ നിയമം വിശദീകരണം

**(27 മുതൽ 29 വരെ ചോദ്യങ്ങൾക്ക് ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. സ്കോർ 6 വീതം.)**
**6x2= 12**

27.

- വോൾട്ടയർ -റൂസ്സോ- മൊണ്ടസ്ക്യൂ -ഫിസിയോക്രാറ്റുകൾ - ഫിലോസഫുകൾ വിശദീകരണം
- മൂന്നാം എസ്റ്റേറ്റിന്റെ ദുരിതപൂർണ്ണമായ ഈ ജീവിതം
- സാമ്പത്തിക – സാമൂഹിക അസമത്വം-ഉയർന്ന നികുതി-വിശദീകരണം
- ഭരണാധികാരികളുടെ സ്വേച്ഛാധിപത്യങ്ങൾ -ധൂർത്ത്-ആഡംബരം-വിശദീകരണം.

28.

<u>മർദചരിവുമാനബലം</u> - തിരശ്ചീനതലത്തിൽ മർദ്ദവ്യത്യാസം ഏറെയാണെങ്കിൽ അഥവാ സമമർദ്ദരേഖകൾ അടുത്തടുത്തായി കാണുന്നുവെങ്കിൽ അവിടെ മർദ്ദചരിവ് കൂടുതലാണ് .ഇവിടെ കാറ്റിന്റെ വേഗത കൂടുതൽ.

- <u>കോറിയോലീസ് പ്രഭാവം</u> - ഭൗമോപരിതലത്തിൽ സ്വതന്ത്രമായി ചലിക്കുന്ന വസ്തുക്കൾക്ക് ഭൂഭ്രമണം നിമിത്തം ദിശാവ്യതിയാനം ഉണ്ടാകുന്നു. ധ്രുവങ്ങളിൽ കോറിയോലിസ് ബലം ശക്തം- കോറിയോലിസ് ബലത്തിന്റെ പ്രഭാവം മൂലം ഉത്തരാർദ്ധഗോളത്തിൽ കാറ്റുകൾ സഞ്ചാരദിശയുടെ വലതുവശത്തേയ്ക്കും ദക്ഷിണാർദ്ധഗോളത്തിൽ സഞ്ചാരദിശയുടെ ഇടതുവശത്തേക്കും വ്യതിചലിക്കുന്നു.

<u>ഘർഷണം</u> -

- സമുദ്രോപരിതലം - നിരപ്പായ ഭൂപ്രദേശം ഇവിടെ തടസ്സം കൂടാതെ കാറ്റു വീശുന്നു.
- ഘർഷണം കുറവ്
- കാറ്റിന് വേഗത കൂടുതൽ
- ദുർഘടമായ പ്രദേശം - മരങ്ങൾ നിറഞ്ഞ പ്രദേശം - ഇവിടെ ഘർഷണം കൂടുതൽ - വേഗത കുറവ്

29.

<u>സോവിയറ്റ് യൂണിയന്റെ തകർച്ച</u>

- സോഷ്യലിസത്തിന്റെ അടിസ്ഥാനപ്രമാണത്തിൽനിന്നുള്ള വ്യതിചലനം
- സാമ്പത്തികരംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിലുള്ള പരാജയം
- പ്രതിരോധത്തിന് അമിതപ്രാധാന്യം നൽകിയത്
- അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാരത്തിനും ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ
- ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥത – അഴിമതി - ഗ്ലാസ് നോസ്ത് - പെരിസ്ട്രോയിക്ക

<u>അമേരിക്ക ആവിഷ്കരിച്ച തന്ത്രങ്ങൾ</u>

- അന്താരാഷ്ട്ര ഏജൻസികളുടെ ഉപയോഗിച്ച് രാജ്യങ്ങൾക്ക് സാമ്പത്തിക സൈനിക സഹായം നൽകി
- സൈനിക കൂട്ടുകെട്ടുകൾ വ്യാപിപ്പിച്ചു.
- തങ്ങൾക്ക് ഇഷ്ടമില്ലാത് ഭരണകൂടങ്ങളെ അട്ടിമറിച്ചു.
- മാധ്യമങ്ങളെ തങ്ങളുടെ താൽപര്യങ്ങൾക്കായി ഉപയോഗിച്ചു.

K.S DEEPU
HSS & VHSS BRAHMAMANGALAM

PH. NO. 9446921117, 9496320945

BINDUMOL P.R
GGHSS VAIKOM

PH.NO. 9496277360